# സാമൂഹിക പ്രത്യാഘാത പഠനം

ചെറുകര - അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ
(എൽ.സി.നം.6) റെയിൽവേ മേൽപ്പാലം നിർമ്മാണം
ഏലംകുളം വില്ലേജ്, പെരിന്തൽമണ്ണ താലൂക്ക്, മലപ്പുറം ജില്ല
0.33 ഹെക്ടർ

കരട് റിപ്പോർട്ട്
തീയതി : 28/05/2022

റിക്വസിഷൻ അധികാരി
കേരളാ റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
(കെ.ആർ.ഡി.സി.എൽ)

കേരളാ വോളന്റെറി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## ഉള്ളടക്കം


**പഠന റിപ്പോർട്ട് - രത്ന ചുരുക്കം**

1.1 ആമുഖം- പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). നടപ്പാക്കൽ ഏജൻസി

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. ഗസറ്റ് നോട്ടിഫിക്കേഷൻ


KERALA VHS * MULLANKUZHY KOTTAYAM-2 * COLLECTORATE P.O.

## സാമൂഹിക പ്രത്യാഘാത പഠനം
## ചെറുകര - അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ
## (എൽ.സി.നം.6) റെയിൽവേ മേൽപ്പാലം നിർമ്മാണം
## ഏലംകുളം വില്ലേജ്, പെരിന്തൽമണ്ണ താലൂക്ക്, മലപ്പുറം
## 0.33 ഹെക്ടർ

### പഠന റിപ്പോർട്ട്- രത്ന ചുരുക്കം

1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ഷൊർണ്ണൂർ പെരിന്തൽമണ്ണ സംസ്ഥാനപാത 23, ഷൊർണ്ണൂർ നിലമ്പൂർ റെയിൽവേ ലൈനിനെ മലപ്പുറം ജില്ലയിലെ ചെറുകരയിൽ ഖണ്ഡിക്കുന്ന ചെറുകര ലെവൽക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതിയാണ് ചെറുകര റെയിൽവേ മേൽപ്പാലം പദ്ധതി. 2025-ഓടെ കേരളത്തെ ലെവൽക്രോസ് രഹിത റെയിൽ ഗതാഗത സംസ്ഥാനം ആക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ പ്രധാന ലവൽക്രോസിങ്ങുകളിലും, മേൽപ്പാലം നിർമ്മിക്കുന്ന വലിയ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ സംസ്ഥാന പാതകളിൽ ഒന്നാണ് പെരിന്തൽമണ്ണ-ഷൊർണൂർ പാത. ഉദ്ദേശം പതിനൊന്ന് ട്രെയിനുകൾ കടന്നു പോകുന്ന ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വികസന ഘട്ടത്തിലാണ്. ആധുനിക സിഗ്നലിംഗ് സംവിധാനങ്ങളുടെ സ്ഥാപനം അതിന്റെ അവസാനഘട്ടത്തിലാണ്. കൂടാതെ നിലമ്പൂർ പാതയെ പാലക്കാടുമായി ബന്ധിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരികയാണ്. ഇത് എല്ലാം സൂചിപ്പിക്കുന്നത് ഷൊർണ്ണൂർ നിലമ്പൂർ പാത വളരെ പ്രാധാന്യമുള്ള ഒരു റെയിൽ പാതയായി മാറാനുള്ള അധിക സാധ്യത പദ്ധതിയുടെ പൊതുതാൽപര്യം വർദ്ധിപ്പിക്കുന്നു എന്നാണ്.

ലെവൽക്രോസിംഗുകൾ എന്നും സമയ നഷ്ടം ഉണ്ടാക്കുന്ന ഗതാഗത തടസ്സത്തിന് കാരണമാവുന്നു. ലെവൽക്രോസിംഗുകളിൽ ഉണ്ടാവുന്ന സമയ നഷ്ടം പരിഹരിക്കാൻ കൂടുതൽ വേഗത സ്വീകരിക്കുക, ലെവൽ ക്രോസ് അടയ്ക്കുന്ന സമയങ്ങളിൽ അനധികൃതമായി മുറിച്ചുകടക്കുക തുടങ്ങിയവ വലിയ റോഡ് സുരക്ഷ പ്രശ്നങ്ങൾക്ക് കാരണമാവുന്നുണ്ട് ആവശ്യസമയത്ത് ആരോഗ്യ പരീരക്ഷ ലഭ്യമാകാതിരിക്കുക, ഓഫീസുകളിലും, സ്കൂളുകളിലും കൃത്യസമയത്ത് ഹാജരാകുന്നതിൽ തടസ്സങ്ങൾ ഉണ്ടാവുക എന്നിവയെല്ലാം ലെവൽക്രോസിംഗ് മൂലം സംഭവിക്കുന്ന പ്രശ്നങ്ങളാണ്. നടപ്പാക്കൽ ഏജൻസിയുടെ പഠനം സൂചിപ്പിക്കുന്നത് ദിവസം 3700 വാഹനങ്ങൾ ചെറുകര ലെവൽ ക്രോസിലൂടെ കടന്നു പോവുന്നു എന്നും അവയിൽ 1700 ഉം ഭാരവണ്ടികളാണ് എന്നുമാണ്. അതായത് ലെവൽക്രോസിലെ ഗതാഗതതടസ്സം വലിയതോതിൽ സമയ നഷ്ടം, ഇന്ധന നഷ്ടം എന്നിവ ഉണ്ടാക്കുന്നു.

ചെറുകര റെയിൽവേ മേൽപ്പാലം ഭരണാനുമതി ലഭ്യമായി, ഭൂമി ഏറ്റെടുക്കൽ ഘട്ടത്തിലാണ്. പദ്ധതി സാമൂഹ്യ പ്രത്യാഘാത പഠനത്തിന് സമർപ്പിച്ചതിന്റെ ഭാഗമായി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 1.2. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ ഒരു ചെറിയ ഗ്രാമമാണ് ചെറുകര. മുസ്ലീം ഭൂരിപക്ഷമായ പ്രദേശത്ത്, ഇതര മതസ്ഥരും ഇടകലർന്ന് വസിക്കുന്നു. പെരിന്തൽമണ്ണ ജംഗ്ഷനിൽ നിന്നും ആറ് കിലോമീറ്റർ മാത്രം മാറി സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശത്ത് കൂടി ഷൊർണ്ണൂർ - നിലമ്പൂർ റെയിൽപാത കടന്നു പോകുന്നു. പെരിന്തൽമണ്ണ- ഷൊർണ്ണൂർ ദേശീയ പാതയും ചെറുകര യിലൂടെയാണ് പോവുന്നത്. വിദ്യാഭ്യാസ - ആരോഗ്യ സൂചകങ്ങളിൽ സംസ്ഥാന ശരാശരി യോടൊപ്പം നിൽക്കുന്ന പ്രദേശം സ്ത്രീ - പുരുഷ അനുപാതത്തിൽ സംസ്ഥാന ശരാശരി യേക്കാളും മുന്നിലാണ്. പൊതുവേ താമസ പ്രധാന പ്രദേശമായി കണക്കാക്കാം എങ്കിലും സംസ്ഥാന പാതയുടെ ഓരങ്ങൾ വാണിജ്യ പ്രധാനമാണ്.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ (എൽ.എ, ജനറൽ) മലപ്പുറം ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യുട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) മലപ്പുറം ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

#### (ബി). നടപ്പാക്കൽ ഏജൻസി

കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാന - കേന്ദ്ര സർക്കാരുകളുടെ ഒരു സംയുക്ത സംരംഭം ആണ്. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുകയും, പദ്ധതികളുടെ നിർവഹണം ഏറ്റെടുക്കുകയുമാണ് കെ.ആർ.ഡി.സി.എൽ ന്റെ മുഖ്യ ലക്ഷ്യം. കൂടാതെ പൊതു - സ്വകാര്യ മേഖലയിലുള്ള റെയിൽ വികസന പദ്ധതികളിലെ പങ്കാളിത്തത്തിലൂടെ സമയ ബന്ധിതമായ പദ്ധതി നിർവ ഹണം, സാങ്കേതിക മികവ് എന്നിവയും കെ.ആർ.ഡി.സി.എൽ ന്റെ ഉദ്ദേശത്തിൽപ്പെടുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേന്ദ്ര ഓഫീസിന് കീഴിൽ എറണാകുളത്ത് റീജിയ ണൽ ഓഫീസും പ്രവർത്തിക്കുന്നു.

#### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 0.33 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പെരി ന്തൽമണ്ണ - ഷൊർണ്ണൂർ സംസ്ഥാന പാത ( എസ്.എച്ച്.23) ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈൻ മുറിച്ചു കടക്കുന്ന ചെറുകര ലെവൽ ക്രോസിന്റെ കിഴക്കും പടിഞ്ഞാറും വശങ്ങളിലായി സംസ്ഥാന പാത 23- ന്റെ ഇരു വശങ്ങളിലുമുള്ള പത്തൊൻപത് ഭൂഉടമസ്ഥ

KERALA S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

രുടെ ഭൂമിയാണ് പദ്ധതി പ്രദേശം. ഇതിൽ രണ്ട് വിദ്യാഭ്യാസ സ്ഥാപന ഭൂമി, ഒരു മുസ്ലീം ആരാധനാലയ ഭൂമി, ഒരു അമ്പലം വക സ്ഥലം എന്നിവയും ഉൾപ്പെടുന്നു. പദ്ധതി ഭൂമിയിൽ ഒരു താമസ ഭവനം, ഒരു വാടകയ്ക്ക് നൽകിയ ഭവനം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മതിൽ, ശുചിമുറി, വീടുകളുടെ ചുറ്റുമതിൽ എന്നിവ ചമയങ്ങളായി സ്ഥിതി ചെയ്യുന്നു. നൂറ്റാണ്ടുകളായി പ്രാദേശിക അമ്പലത്തിന്റെ കളരിതറയായി കണക്കാക്കുന്നതും, വർഷത്തിൽ ഒരിയ്ക്കൽ ആചാര വിധി പ്രകാരം കർമ്മങ്ങൾ നടത്തുന്നതുമായ കളരിത്തറ പദ്ധതി ഭൂമിയിൽ ഉൾപ്പെടുന്നു. കൂടാതെ പല താമസ ഭവനങ്ങളുടെയും പ്രവേശന മാർഗ്ഗം, മുൻഭാഗത്തെ മുറ്റം എന്നിവയും പദ്ധതി ഭൂമിയിൽ ഉൾപ്പെടുന്നു. പൊതുവെ താമസ പ്രധാനം എന്ന് കണക്കാക്കിയാലും സംസ്ഥാന പാതയുടെ സാമീപ്യം പദ്ധതി പ്രദേശത്തെ വാണിജ്യ പ്രധാന്യം വർദ്ധിപ്പിക്കുന്നു. എസ്.എൻ.ഡി.പി. ശതാബ്ദി സ്മാരക റോഡ്, ചെറുകര കൊല്ലക്കോട് മുക്ക് റോഡ് എന്നിവ പദ്ധതി പ്രദേശത്ത് വന്ന് ചേരുന്നു.

**(ഡി).പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം**

പത്തൊൻപത് ഭൂ ഉടമസ്ഥരുടെ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. അതിൽ നാല് ഭൂമി ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടേത് ആണ്. ശേഷിക്കുന്ന പതിനഞ്ച് ഭൂമിയുടെ ഉടമസ്ഥതയിൽ ഒരെണ്ണം കൂട്ടുടമസ്ഥതയിൽ ആണ്. പദ്ധതി ബാധിതരുടെ സാമൂഹ്യ സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് എല്ലാവരും മധ്യ വർഗ്ഗ സാമ്പത്തിക സ്ഥിതിയിൽ ഉള്ളവരും പത്താം തരമോ അതിന് മുകളിലോ വിദ്യാഭ്യാസം ഉള്ളവരും ആണ് എന്നാണ്. ശരാശരി മാസവരുമാനം പതിനഞ്ചായിരത്തിന് മുകളിൽ ഉള്ളവരാണ് എല്ലാവരും. പദ്ധതി ബാധിതരിൽ പതിനൊന്ന് പേർ ഹിന്ദുമത വിശ്വാസികളും, നാല് പേർ മുസ്ലീം മത വിശ്വാസികളുമാണ്. പ്രായ വിതരണം സൂചിപ്പിക്കുന്നത് രണ്ട് പേർ മുപ്പത് വയസ്സിൽ താഴെയുള്ളവരും പത്ത് പേർ അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവരും എന്നാണ്.

**1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ**

പഠന സമയത്ത് പദ്ധതി സംബന്ധമായി യാതൊരു വിധ ബദൽ നിർദ്ദേശവും പദ്ധതി ബാധിതരിൽ നിന്നോ തദ്ദേശ സ്വയംഭരണ നേതൃത്വത്തിൽ നിന്നോ ഉണ്ടായിട്ടില്ല.

**1.5. സാമൂഹിക പ്രത്യാഘാതം**

ഒരു താമസ ഭവനത്തിന്റെയും ഒരു വാടക വീടിന്റെയും നഷ്ടം, പതിനേഴ് ഭൂഉടമസ്ഥരുടെ ഭൂമി നഷ്ടം, ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഏതാനും ചമയങ്ങളുടെ നഷ്ടം, ഒരു ക്ഷേത്രത്തിന്റെ ആചാരത്തിന്റെ ഭാഗമായ കളരിത്തറയുടെ നഷ്ടം, നാല് വ്യാപാര സ്ഥാപനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നത് എന്നിവ പ്രത്യക്ഷ പ്രത്യാഘാതമായി ചൂണ്ടിക്കാട്ടാവുന്നതാണ്. പദ്ധതി പ്രദേശത്തെ നാല് താമസഭവനങ്ങളുടെ പ്രവേശനമാർഗ്ഗം ഉൾപ്പെടുന്ന ഭൂമിയുടെ നഷ്ടം, മേൽപ്പറഞ്ഞ വീടുകളുടെ സ്വകാര്യതയെ ബാധിക്കുന്ന ഘടകമാണ്. കുടിയൊഴിപ്പിക്കപ്പെടുന്ന നാല് വ്യാപാര സ്ഥാപനങ്ങൾക്ക് വ്യാപാര നഷ്ടവും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടവും ഉണ്ടാവുന്നുണ്ട്. ചുറ്റുമതിൽ, ശുചിമുറി എന്നിവ നഷ്ടപ്പെടുന്ന

KERALA VYS PULLARIKUZHY KOTTAYAM-2 COLLECTORATE P.O.

സ്കൂളിന്റെ കെട്ടിടത്തിന്റെ തൊട്ട് ചേർന്നാണ് പദ്ധതി അതിർത്തി കടന്നു പോകുന്നത്. കുട്ടികൾക്ക് എങ്ങനെ സുരക്ഷ ഉറപ്പ് വരുത്താം എന്ന് സ്കൂൾ അധികൃതരുമായി ചർച്ച ചെയ്യേണ്ടതാണ്. കളരിത്തറ നഷ്ടപ്പെടുന്ന അമ്പലത്തിന്റെ അധികാരികൾ പറയുന്നത് പദ്ധതി ഇപ്പോഴത്തെ രീതിയിൽ വരുകയാണെങ്കിൽ അവരുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള കളരിത്തറയും, അതിൽ ഓരോ വർഷവും നടത്തപ്പെടുന്ന ആചാര അനുഷ്ഠാനങ്ങളും നഷ്ടപ്പെടും എന്നാണ്. കൂടാതെ പദ്ധതി പ്രദേശത്തേക്ക് ഒരു പി.ഡബ്ള്യു.ഡി റോഡും, പഞ്ചായത്ത് റോഡും വന്നു ചേരുന്നുണ്ട്. പ്രസ്തുത റോഡുകളിലേക്ക് ഉള്ള പ്രവേശനവും സുഗമമായി പുനസ്ഥാപിക്കേണ്ടതുണ്ട്.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3 | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 5 | വാടക വീടുകളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരവും പുനസ്ഥാപനവും നൽകുക |
| 6 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 7 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്തം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 8 | സാംസ്കാരിക വസ്തുക്കളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 9 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 10 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 11 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2 | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | മധ്യമം/ കുറഞ്ഞ | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3 | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 5 | വാടക കെട്ടിടങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | നഷ്ട പരിഹാരവും പുനസ്ഥാപനവും നൽകുക |
| 6 | വീടുകളിലേക്കും ഭൂമി | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | | | | | | പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 7 | റോഡ് / പാലം ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞത് | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 8 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 9 | സാംസ്കാരിക വസ്തുക്കളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | സാധ്യമാകുവോളം സംരക്ഷിക്കണം |
| 10 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 11 | പരാതി പരിഹാരം | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

ഒരു താമസഭവനത്തിന്റെ മാത്രം നഷ്ടം ഉള്ളതിനാലും, പദ്ധതിയുടെ അതിർത്തികല്ല് സ്ഥാപന സമയത്ത് പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തിയതിനാലും, പദ്ധതി സംബന്ധമായി ഒരു ദശകത്തിൽ അധികമായി ചർച്ചകൾ നടക്കുന്നതിനാലും, പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരം എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ താമസ ഭവനം നഷ്ടപ്പെടുന്ന ഭവനത്തിന് പുനസ്ഥാപനത്തിന് പദ്ധതി പ്രദേശത്ത് ഭൂമി അവശേഷിക്കുന്നില്ല എന്നത് ആ കുടുംബത്തിന്റെ പ്രത്യാഘാതത്തെ ഗൗരവതരമാക്കുന്നു. ഏതാനും താമസഭവനങ്ങളുടെ മുൻവശത്തെ ഭൂമി നഷ്ടപ്പെടുന്നത് ആ ഭവനങ്ങളിലേക്കുള്ള പ്രവേശന മാർഗ്ഗം, ഭവനങ്ങളുടെ സുരക്ഷിതത്വം എന്നിവയെ ബാധിക്കുന്നുണ്ട്. നടപ്പാക്കൽ ഏജൻസിയുടെ സാങ്കേതിക വിദഗ്ധർ മേൽപ്പറഞ്ഞ പദ്ധതി ബാധിതരുമായി ചർച്ച നടത്തുകയും, പദ്ധതിയുടെ രൂപരേഖ എപ്രകാരം ബാധിക്കപ്പെടാം എന്ന് അവതരിപ്പിക്കുകയും ചെയ്താൽ മുൻകൂട്ടി പ്രത്യാഘാത ലഘൂകരണ നടപടികൾ ആരംഭിക്കുന്നതിന് പദ്ധതി ബാധിതർക്ക് സഹായകരമാണ്.

പദ്ധതി ബാധിക്കുന്നതും ആരാധനാലയത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ കളരിത്തറ പ്രാദേശിക സംസ്കാരത്തിന്റെ ഭാഗമാണ്. വർഷത്തിൽ ഒന്ന് നടത്തപ്പെടുന്ന ആചാരാനുഷ്ഠാനങ്ങൾ ആ പ്രദേശത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായിക്കണ്ട് കളരിത്തറ പുനസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആരാധനാലയ അധികൃതരുമായി ചർച്ച ചെയ്യുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്. ചുറ്റുമതിൽ, ശുചിമുറി എന്നിവ നഷ്ടപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സമീപത്ത് കൂടെയാണ് പദ്ധതി കടന്നുപോവുന്നത്. കുട്ടികളുടെ സുരക്ഷിതത്വം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തുടർ നടത്തിപ്പ് എന്നിവ സ്കൂൾ അധികൃതർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നടപ്പാക്കൽ ഏജൻസി എന്നിവർ കൂട്ടായി ചർച്ച നടത്തി തീരുമാനം എടുക്കേണ്ടതാണ്.

പദ്ധതി പ്രദേശത്ത് വന്നു ചേരുന്ന ഒരു പൊതുമരാമത്ത് വകുപ്പ് റോഡ്, ഒരു പഞ്ചായത്ത് റോഡ് എന്നിവയിലൂടെ ഉള്ള ഗതാഗതം സുഗമമാക്കുന്ന വിധം പദ്ധതി നടപ്പാക്കേണ്ടതാണ്.

ഒരു മുസ്ലീം ആരാധനാലയത്തിന്റെ സ്ഥലം, നാല് വ്യാപര സ്ഥാപനങ്ങൾ എന്നിവ പദ്ധതി മൂലം നഷ്ടപ്പെടുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് വ്യാപാര നഷ്ടവും, ജോലി നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരവും നൽകി പുനസ്ഥാപന പ്രവർത്തനം രൂപപ്പെടുത്തേണ്ടതാണ്.

പഠന സമയത്ത് പദ്ധതി സംബന്ധമായി യാതൊരു വിധ ബദൽ നിർദ്ദേശവും പദ്ധതി ബാധിതരിൽ നിന്നോ തദ്ദേശ സ്വയംഭരണ നേതൃത്വത്തിൽ നിന്നോ ഉണ്ടായിട്ടില്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതിയുടെ പൊതുതാൽപ്പര്യം, വികസന പ്രാധാന്യം, പദ്ധതിക്ക് വേണ്ടിയുള്ള പൊതുജന താൽപ്പര്യം എന്നിവ വർദ്ധിത അളവിൽ ഉള്ളതും പദ്ധതിയുടെ പ്രത്യാഘാതം പൊതുതാൽപ്പര്യവുമായി താരതമ്യപ്പെടുത്തുമ്പോൾ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമം അനുശാസിക്കുന്ന നഷ്ട പരിഹാര നിർണ്ണയത്തിലൂടെയും, വിതരണത്തിലൂടെയും കുറയ്ക്കാനും, ഇല്ലായ്മ ചെയ്യാനും കഴിയും എന്നതിനാലും, പദ്ധതിയുമായി ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്.

**സാജു വി. ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണീറ്റ്**

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ചെറുകര - അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ
(എൽ.സി. നം.6) റെയിൽവേ മേൽപ്പാലം നിർമ്മാണം.

## പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 134/3-2 | വിജയകുമാർ(late)<br>പ്രേമ, വിപിൻ കെ, നമിത കെ,<br>കാഞ്ഞിരകൂറ്റിയിൽ,<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9809774522 | സ്ഥലം ,<br>കൽകെട്ട് |
| 2, | 102/ബി2 | ബാലൻ കെ. ചിന്ന (late),<br>പ്രകാശൻ, പ്രദീപ്<br><br>ഉണ്ണികൃഷ്ണൻ,(late),<br>ലീല, ഷിജു, സത്യഭാമ,<br>സതീരത്നം കെ,, സുഭാഷിണി കെ<br>രമ കെ., ബീന, കെ., വിനയൻ,<br>കാഞ്ഞിരകൂറ്റിയിൽ,<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9747370395<br>9995247449<br>9446492235<br>9539039505<br>9995749636<br>9447196951 | ഓടിട്ട<br>പഴയകെട്ടിടം |
| 3. | 102/എ2 | സെക്രട്ടറി, ശ്രീ പള്ളിത്തൊടി കളരി ഭഗവതിക്ഷേത്രം<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9846730616 | സ്ഥലം,<br>ആൽമരം,<br>തെങ്ങ്, തേക്ക് |
| 4. | 131/2 | അബ്ദുൾ റഷീദ്. സറീന,<br>സുൽത്താൻ വീട്, പച്ചീരിക്കുത്ത്,<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ, പിൻ - 679 340 | 9061553751<br>009665092385 2 | വലിയ ഗെയ്റ്റ്,<br>മതിൽ, കുളം,<br>മിറ്റം, |
| 5 | 92 | മിനി വി., ചന്ദ്രമതി<br>പ്രസാദം | 91730694914 | സ്ഥലം |

COLLECTORATE P.O. MALAPPURAM KERALA

| | | | | |
|---|---|---|---|---|
| | | ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ, പിൻ - 679 340 | | |
| 6. | 102/എ | ലക്ഷ്മിഭായി<br>ആതിര, തിരുവാലി പി.ഒ.<br>മഞ്ചരി, മലപ്പുറം | 9995744308 | സ്ഥലം |
| 7. | | ഭാരതി, വൈശാഖ്, പുല്ലാശ്ശേരി,<br>പാലക്കാട് - 679 307 | 9495289981 | വഴി |
| 8. | 92/1-2 | മോഹൻദാസ് കെ., മിനി വി.<br>പ്രസാദം ഹൗസ്, ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | | മതിൽ, |
| 9. | 92/1-2 | ശോഭന വി.പി.<br>വെള്ളാട്ട്, രാമനാട്ട്കര | 9447078340 | കെട്ടിടം<br>മുൻഭാഗം |
| 10. | 56എ | സുശീല സി.സി.<br>കാഞ്ഞിരകുറ്റിയിൽ<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9048775181 | |
| 11. | 134 | രാവുണ്ണി(late),<br>മാനേജർ, എ.യു.പി.സ്കൂൾ,<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9809873255 | മതിൽ ഗെയ്റ്റ്<br>ശൗചാലയം |
| 12. | 134/1 | ചന്ദ്രനുണ്ണി, ,<br>ചന്ദ്രത്തൊടി ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9072256882 | സ്ഥലം |
| 13. | 134/9 | ഉണ്ണികൃഷ്ണൻ,<br>ആവയിൽ, ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9207029725 | സ്ഥലം<br>വീട് നഷ്ടം |
| 14. | 13/3 | രാജഗോപാലൻ, മണികണ്ഠൻ, രവി<br>പുളിമൂട്ടിൽ ഹൗസ്, എരവിമംഗലം,<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9447108665 | സ്ഥലം |

COLLECTORATE P.O. KOTTAYAM-2 * KERALA * MUTTAMBALAM

| | | | | |
|---|---|---|---|---|
| 15 | | എം.കെ.മുഹമ്മദ് ഹാജി(late),<br>ആരിഫ് എം.കെ., സുബൈറത്ത്,<br>അബ്ദുൾ സലാം, അബ്ദുൾ ഹമീദ്<br>നബീല, മഷ്റൂബ്, ഷെഹീദ,<br>മുണ്ട്കാട്ടിൽ, ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ, പിൻ - 679 340 | 9605119121<br>9961282443 | കെട്ടിടം, സ്ഥലം |
| 16 | 102 എ | ഹൈദർ, പുളിക്കൽ. ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ, പിൻ - 679 340 | 6282258348 | 2 നില കെട്ടിടം,<br>സ്ഥലം |
| 17 | 102 എ | പി.കെ. മുഹമ്മദ് അലി.,<br>ചീനിക്കൽ ഹൗസ്, ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ , പിൻ - 679 340 | 9074443990<br>8075193234 | കെട്ടിടം, സ്ഥലം |
| 18 | 102 എ | ചെറുകര ജുമാത്ത് മുസ്ലീം പള്ളി<br>ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9447883021 | സ്ഥലം<br>വാടക കെട്ടിടം |
| 19 | 102 എ | ഡയറക്ടർ<br>അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി,<br>മലപ്പുറം സെന്റർ, ചെറുകര പി.ഒ.<br>പെരിന്തൽമണ്ണ<br>പിൻ - 679 340 | 9846645482 | സ്ഥലം |

KERALA V H S * COLLECTORATE P.O. * MULLANKUZHY KOTTAYAM-2

## ചെറുകര - അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ (എൽ.സി. നം.6) റെയിൽവേ മേൽപ്പാലം നിർമ്മാണം.

ഭൂ രഹിത പദ്ധതി ബാധിതരുടെ പേര് വിവര**ങ്ങൾ**

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ |
|---|---|---|
| 1 | ബുഷ്റ, മുണ്ട്കാട്ടിൽ, ചെറുകര പി.ഒ. | 8606477071 |
| 2 | അബുജം, പുല്ലാട്ട്, ചെറുകര പി.ഒ. | 9605163460 |
| 3 | ഹയറുനീസ, കളരിക്കൽ, ചെറുകര പി.ഒ., പെരിന്തൽമണ്ണ | 7902424512 |
| 4 | നവാസ്, ഇടക്കടമ്പൻ, ചെറുകര പി.ഒ., പെരിന്തൽമണ്ണ | 7403298829 |
| 5 | സുനിൽകുമാർ , ചുരുക്കൊച്ചി ഹൗസ്, എരവിമംഗലം | 8075984923 |
| 6 | പ്രതീപ്കുമാർ | 9495492735 |
| 7 | രാംദാസ് | 9846460872 |
| 8 | ശരത്കുമാർ | 8907770189 |
| 9 | ഫിലോമോൻ<br>പി.എം. ഇലക്ട്രിക്കൽസ്, ചെറുകര പി.ഒ., പെരിന്തൽമണ്ണ | |
| 10 | സുനിൽകുമാർ, ചളാംകാളിയിൽ. ചെറുകര പി.ഒ., പെരിന്തൽമണ്ണ | 9745868791 |

**PHOTOGRAPHS**










KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 മേയ് 26<br>26th May 2022<br>1197 ഇടവം 12<br>12th Idavam 1197<br>1944 ജ്യേഷ്ഠം 5<br>5th Jyaishta 1944 | നമ്പർ<br>No. | 1723 |

FORM NO. 4
[*See* Rule 11(3)]

NOTIFICATION

No. DCMPM/5533/2019/LA5. *10th May, 2022.*

WHEREAS, it appears to the appropriate Government and The District Collector, Malappurarn that the land specified in the schedule below is needed or likely to be needed for a public purpose, to wit for "Land Acquisition for The Construction of ROB at LC No. 06 at Railway KM 21/100-200 between Cherukara & Angadippuram Railway Stations" in Malappuram District;

WHEREAS, in exercise of powers conferred by the provisions to clause (e) of Section 3 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have notified and

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

authorised the District Collector as appropriate Government as per G. O. (P) No. 376/2016/RD dated 29-6-2016 published S. R. O. No. 468/16, in Kerala Gazette dated 8-7-2016 for the purpose of acquisition of land not exceeding 200 Ares in a District for public purpose;

AND WHEREAS, in exercise of powers conferred in sub-section (1) of Section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) the Appropriate Government and The District Collector, Malappuram have decided to conduct a Social Impact Assessment in the area specified in the schedule below;

Now, THEREFORE, sanction is accorded to the unit "Kerala Voluntary Health Services, Mullankuzhi, Collectorate P.O., Kottayam" to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of 35 days, not exceeding six months in any case.

SCHEDULE

*District*—Malappuram.

*Taluk*—Perinthalmanna. *Village or Amsom*—Elamkulam.

| *Serial No.* | *Village* | *Desam* | *Survey No.* | *Description* | *Extent (in Hectares) (Approximate)* |
|---|---|---|---|---|---|
| 1 | Elamkulam | Kizhungathol | 56 A(1,2), 134(1,3,9), 102 B(1,2,3), 102 A(7), 92(1,2) | Purayidam (Dry Land) | 0.33 |
| 2 | | | 55 A | Nilam (Nanjal) | |
| | | **Total** | | | **0.33** |

(Sd.)

DISTRICT COLLECTOR,
*Malappuram.*